
ബുക്ക്ടോക് ● കെ. അശ്റഫ്

# നവീന ഇസ്‌ലാമിക വ്യവഹാരങ്ങൾ

**നവീന** ഇസ്‌ലാമിക വ്യവഹാരങ്ങളെ പൊതുവെ മൂന്നായി തരംതിരിച്ചുള്ള പഠനങ്ങൾ വ്യാപകമാണ്. 1. ജനകീയ ഇസ്‌ലാം (Popular Islam). 2. രാഷ്ട്രീയ ഇസ്‌ലാം (Political Islam). 3. ബൗദ്ധിക ഇസ്‌ലാം (Intellectual Islam). ഈജിപ്തുകാരനായ അബ്ദുൽ വഹാബ് അൽ മസീരി തന്റെ 'നവീന ഇസ്‌ലാമിക വ്യവഹാരങ്ങളുടെ പ്രത്യേകതകൾ' എന്ന ലേഖനത്തിലാണ് മേൽപ്പറഞ്ഞ വർഗീകരണം മുന്നോട്ടുവെച്ചത്. പഴയ വ്യവഹാരങ്ങളിൽനിന്ന് പുതിയ വ്യവഹാരങ്ങൾ എങ്ങനെ വ്യത്യാസപ്പെടുന്നുവെന്ന് അദ്ദേഹം വിവരിക്കുന്നു. കൊളോണിയലിസത്തോടുള്ള നേരിട്ടുള്ള പ്രതികരണത്തിലൂടെ വികസിച്ചതാണ് പഴയ വ്യവഹാരങ്ങൾ (Old Discourse). കൊളോണിയൽ സാഹചര്യങ്ങളുടെ നേരിട്ടുള്ള ഇടപെടലിൽനിന്ന് വിടുതി നേടിയ ശേഷം അറുപതുകളിൽ വികസിച്ചതാണ് പുതിയ വ്യവഹാരങ്ങൾ (New Discourse).




കുറച്ചുകൂടി കൃത്യതയോടെ ഇതേ വിഷയം അവതരിപ്പിക്കുന്നുണ്ട് ജോർജ്ടൗൺ യൂനിവേഴ്സിറ്റിയിലെ പ്രഫസർ മെഹ്റാൻ കംറാവ എഡിറ്റു ചെയ്ത നവീന ഇസ്‌ലാമിക ശബ്ദങ്ങൾ (The New Voices of Islam: Rethinking Politics and Modernity- A Reader) എന്ന പുസ്തകം. ഇസ്‌ലാമിക ലോകത്തെ ചിന്താ വൈവിധ്യത്തെ പ്രതിനിധീകരിക്കുന്നു എന്ന് ജോൺ എൽ എസ്പോസിറ്റോ വിശേഷിപ്പിച്ചതാണീ പുസ്തകം. ആഗോള ഇസ്‌ലാമിക ചിന്തയുടെ മുഴുവൻ ബഹുസ്വരതയെയും അഭിമുഖീകരിക്കുന്ന മെഹ്റാൻ നമുക്ക് പരിചയമുള്ള ഇസ്‌ലാമിക ചിന്തകരെ അവരുടെ സൈദ്ധാന്തിക പരിസരങ്ങൾ കൂടി ഉൾപ്പെടുത്തി പരിചയപ്പെടുത്തുന്നു.

ആഗോള ഇസ്‌ലാം ഒരൊറ്റ അച്ചിൽ വാർത്തെടുത്ത ഒറ്റക്കൽ ശിൽപമാണെന്നും ഇസ്‌ലാമിക സംസ്കാരം ചാവേർ സംസ്കാരമാണെന്നും കഴിഞ്ഞ ദശാബ്ദത്തിൽ 'സംസ്കാര സംഘട്ടന'ത്തിന്റെ വക്താവായ സാമുവൽ പി. ഹണ്ടിംഗ്ടണും ബർണാഡ് ലൂയിസും വ്യാപകമായി പ്രചരിപ്പിക്കുകയുണ്ടായി. ഇവരുടെ ആവശ്യങ്ങളെ പൂർത്തീകരിക്കുന്ന വിധത്തിൽ ലോകത്തെ ബ്ലാക്ക്/ വൈറ്റ് എന്ന ഇരട്ട ധ്രുവങ്ങളിലേക്ക്

> **ആധുനികതയും ഇസ്‌ലാമും പരസ്പരം റദ്ദു ചെയ്യുന്ന ഒരു സന്ദർഭത്തെയല്ല നവീകരണ ഇസ്‌ലാമിസ്റ്റുകൾ അന്വേഷിക്കുന്നത്. മറിച്ച്, ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെ തലത്തിൽ നിന്നുതന്നെ തുടങ്ങുന്ന അന്വേഷണങ്ങളെക്കുറിച്ചാണ് അവർ സംസാരിക്കുന്നത്. അതിന്റെ പ്രായോഗിക പരിപാടികൾ അവർ സ്വയം ആവിഷ്കരിക്കുകയും ചെയ്യുന്നു**

വ്യാഖ്യാനിച്ച് സംസ്കാര സംഘട്ടനത്തിന് സൈദ്ധാന്തിക വ്യക്തത നൽകി നിരവധി ഇടപെടലുകൾ ലോകമെങ്ങും നടക്കുകയുണ്ടായി. ഈ അർഥത്തിൽ ഇസ്‌ലാമിന്റെ ഏകശിലാ വ്യാഖ്യാനങ്ങൾ ശക്തിപ്പെടുകയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്ത സമയത്താണ് ലോകമെങ്ങുമുള്ള മുസ്‌ലിം ബുദ്ധിജീവികൾ ഇസ്‌ലാമിന്റെ കർമശാസ്ത്രം, ഇസ്‌ലാമും ജനാധിപത്യവും പൗരാവകാശങ്ങളും, ഇസ്‌ലാമും ആധുനികതയും തുടങ്ങിയ വിഷയങ്ങളിൽ സ്വതന്ത്ര പഠനങ്ങൾ (ഇജ്തിഹാദ്) നടത്തുന്നത്. ഇസ്‌ലാമിക നാഗരികതയുടെ സവിശേഷതയായിരുന്ന ചിന്താപരമായ ബഹുസ്വരതയെ ഉയർത്തിപ്പിടിക്കുന്ന നിരവധി ചിന്തകർ അറേബ്യയിൽനിന്നും യൂറോപ്പിൽനിന്നും ആഫ്രിക്കയിൽനിന്നും ആഗോള ചർച്ചാ വേദികളിലേക്ക് കടന്നുവന്നു. ഇസ്‌ലാമിക ചിന്തയെയും കർമശാസ്ത്രത്തെയും ദൈവശാസ്ത്രത്തെയും ആധുനിക സാഹചര്യങ്ങൾക്കനുസൃതമായി വായിക്കാനുള്ള ശ്രമമായിരുന്നു ഇവർ നടത്തിയത്.

രണ്ടോ മൂന്നോ വാള്യങ്ങൾ വരുന്ന ഒരു സമാഹാരത്തിന് ഉൾക്കൊള്ളാൻ മാത്രം വിപുലമാണ് ആഗോള ഇസ്‌ലാമിക ചിന്തകരെക്കുറിച്ച പഠനങ്ങളും അവരുടെ മുഖ്യ വാദങ്ങളും. ഇവിടെ മെഹ്‌റാൻ ഒരൊറ്റ വാള്യത്തിൽ മുഖ്യധാരയിൽ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയവരും തികച്ചും നൂതന കാഴ്ചപ്പാടുകൾ പങ്കുവെക്കുന്നവരുമായ ചിന്തകരെ പരിചയപ്പെടുത്തുകയാണ്. അൾജീരിയയിൽനിന്നുള്ള മുഹമ്മദ് അർകൂൻ, താരീഖ് റമദാൻ, തുർക്കിയിൽനിന്ന് ഫത്ഹുല്ല ഗുലൻ, മുഹ്സിൻ കദിവർ, അബ്ദുൽ കരീം സൊറൂഷ് (ഇരുവരും ഇറാൻ), മുഹമ്മദ് ത്വൽബി (തുനീഷ്യ), നസ്ർ അബൂ സൈദ് (ഈജിപ്ത്), ലൈല അഹ്മദ് (ഈജിപ്ത്), ആമിന വദൂദ്, മലേഷ്യയിൽനിന്ന് ചന്ദ്രാ മുസഫർ, ഈജിപ്തിൽനിന്ന് ഹസൻ ഹനഫി, ഫാത്വിമ മെർനിസി (മൊറോക്കോ), മുഹമ്മദ് ശറൂർ (സിറിയ) തുടങ്ങിയവരെയാണ് ഈ സമാഹാരത്തിൽ പരിചയപ്പെടുത്തിയിട്ടുള്ളത്.

## ഇസ്‌ലാമിക ബൗദ്ധികത: ചരിത്രം, വർത്തമാനം

ഇസ്‌ലാമിക ചരിത്രത്തിലുടനീളം ഗംഭീരമായ ബൗദ്ധിക അന്വേഷണങ്ങൾ നിലനിന്നിരുന്നു. ഫാറാബി, അൽ കിന്ദി, ഗസ്സാലി, ഇബ്നു റുശ്ദ് തുടങ്ങിയവർ ഉദാഹരണം. ഭരണകൂടത്തിന്റെ ഭീഷണിക്കു മുമ്പിൽ വഴങ്ങാതെ സ്വതന്ത്ര ജ്ഞാനോൽപാദനം ജീവിത സ്പന്ദമായി ഏറ്റെടുത്ത അസംഖ്യം മനീഷികൾ ഇസ്‌ലാമിക ചിന്തക്ക് അനൽപമായ സംഭാവനകൾ അർപ്പിച്ചു. ഉസ്മാനി ഖിലാഫത്തിന്റെ ആവിർഭാവത്തോടെ ഭരണകൂട പിന്തുണയുള്ള കലാലയങ്ങൾ ആരംഭിച്ചു. ഇത് ക്രമേണ ഭരണകൂട അനുകൂല നിലപാടുകളിലേക്ക് പണ്ഡിതന്മാരെ കൊണ്ടെത്തിച്ചു. ജ്ഞാനോൽപാദനത്തിന്റെ മൗലികത നഷ്ടപ്പെടുകയും സ്ഥാപിത താൽപര്യങ്ങളുടെ തടവുകാരായി പണ്ഡിതന്മാർ മാറുകയും ചെയ്തു. മത കലാലയങ്ങൾ ഇസ്‌ലാമിന്റെ സവിശേഷ ചിന്താ പാരമ്പര്യത്തെ കൈയൊഴിയുകയും സ്വയം തളച്ചിട്ട അന്ധ മേഖലകളിലേക്ക് വഴിതെറ്റുകയും ചെയ്തു. ഉസ്മാനി ഖിലാഫത്ത് കൊളോണിയലിസത്തിന്റെ കടന്നുവരവോടുകൂടി തകർന്നടിയുകയും ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് മുസ്‌ലിം ലോകം സാക്ഷ്യം വഹിക്കുകയും ചെയ്തു. എങ്കിലും ഉസ്മാനി ഖിലാഫത്തിന്റെ തകർച്ചക്കു ശേഷം മത കലാലയങ്ങളിൽ നിന്ന് ലഭിച്ച ജ്ഞാനത്തെയും ആധുനിക സാഹചര്യങ്ങളെയും വിലയിരുത്തിയ ധാരാളം പണ്ഡിതന്മാർ ഉണ്ടായിരുന്നു. ജമാലുദ്ദീൻ അഫ്ഗാനി, മുഹമ്മദ് അബ്ദു തുടങ്ങിയവരായിരുന്നു ഇവരിൽ പ്രമുഖർ. പിന്നീട് കൊളോണിയൽ വിരുദ്ധ ചിന്തയുടെ ഭാഗമായി മൗദൂദി–ബന്നാ–ഖുത്വ്ബ് ത്രയം ഇസ്‌ലാമിന്റെ പുതിയ രൂപഭാവങ്ങൾ ഇസ്‌ലാമിക ചിന്തക്ക് സമർപ്പിച്ചു. ജാഹിലിയ്യത്തിനെക്കുറിച്ച് ഇവരുടെ കാഴ്ചപ്പാടുകളുമായി കലഹിച്ചുകൊണ്ടാണ് ഇസ്‌ലാമിക ചിന്ത അറുപതുകളിൽ പുതിയൊരു വഴി തേടുന്നത്. ഇവിടെ വെച്ചാണ് ബഹുസ്വരതയെക്കുറിച്ച് ഇസ്‌ലാംപാഠങ്ങൾ രൂപംകൊള്ളുന്നത്. മറ്റൊരു കാരണം, ആധുനിക സ്റ്റേറ്റിന്റെ ആവിർഭാവത്തോടു കൂടി നിലവിൽവന്ന സെക്യുലർ യൂനിവേഴ്സിറ്റികളാണ് (നജഫിനേക്കാൾ കരുത്ത് തെഹ്റാൻ യൂനിവേഴ്സിറ്റിക്കായി. അതുകൊണ്ടാണല്ലോ മുർതസാ മുതഹരിയേക്കാൾ കരുത്തും സ്വീകാര്യതയും അലി ശരീഅത്തിക്ക് ലഭിച്ചത്). പരമ്പരാഗത പണ്ഡിതന്മാരുടെ കുത്തക തകരുകയും സെക്യുലർ പശ്ചാത്തലമുള്ള ബുദ്ധിജീവികൾ പുതിയ സാഹചര്യത്തിലെ സന്ദിഗ്ധതകളിലേക്ക് ഇസ്‌ലാമിനെ പ്രവേശിപ്പിക്കുകയും ചെയ്തു. തുടർന്ന് രൂപപ്പെട്ട ഇന്റലക്ചൽ ഇസ്‌ലാമിനു പ്രധാനപ്പെട്ട രണ്ടു അവാന്തര വിഭാഗങ്ങളുണ്ട്. മെഹ്‌റാൻ കംറാവയുടെ വർഗീകരണമനുസരിച്ച് നവ പാരമ്പര്യ ബുദ്ധിജീവികളും നവീകരണ ബുദ്ധിജീവികളുമാണ് ആ രണ്ട് വിഭാഗം. നവ പാരമ്പര്യ ചിന്തകരായി (Neo traditionalist thinkers)വരുന്നത് ഹുസൈൻ നസ്ർ, സിയാഉദ്ദീൻ സർദാർ, അക്ബർ എസ്.

അഹ്മദ്, റസാ ദവാരി (ഇറാൻ) എന്നിവരാണ്. ആധുനികതയുടെ ഇസ്‌ലാമീകരണമാണ് ഇവരുടെ പ്രധാന അജണ്ട. ഉത്തരാധുനികതയുടെ പൊതുപരിസരത്തുനിന്ന് പാരമ്പര്യത്തിന്റെ നഷ്ട സ്വപ്നങ്ങൾ ഇവർ പങ്കുവെക്കുകയും ചെയ്യുന്നു. കൃത്യമായ വിശകലനങ്ങളോ വഴികളോ നിശ്ചയിക്കുന്നതിനു പകരം ഇസ്‌ലാമീകരണം എന്ന മുറവിളി ഉയർത്തുക മാത്രമാണ് നവ പാരമ്പര്യവാദം ചെയ്യുന്നതെന്ന് മെഹ്‌റാൻ കംറാവ വിമർശിക്കുന്നു. യഥാർഥത്തിൽ സിയാഉദ്ദീൻ സർദാറിന്റെ ആത്മകഥ (*ഡെസ്പറേറ്റ്‌ലി സീക്കിംഗ് പാരഡൈസ്*) പങ്കുവെക്കുന്ന ശൂന്യതാ ബോധം ഒരർഥത്തിൽ ഉത്തരാധുനിക നിഹിലിസ(ശൂന്യതാവാദ)ത്തിന്റെ പ്രതിഫലനമായി കാണാവുന്നതാണ്.

റിഫോമിസ്റ്റ് (നവീകരണ) ഇസ്‌ലാമിക ചിന്തകരെ സംബന്ധിച്ചേടത്തോളം ഇസ്‌ലാമിന്റെ സമകാലികതയെ കണ്ടെത്തുക എന്നതാണ് പ്രധാനം. 'ഇജ്തിഹാദിന്റെ വാതിലുകൾ' അടഞ്ഞാണോ തുറന്നാണോ ഇരിക്കുന്നത് എന്നത് അവരുടെ ചർച്ചാ വിഷയമല്ല. സക്രിയമായ ഒരു ഇജ്തിഹാദിന്റെ അഭാവമാണ് അവരെ അലട്ടുന്നത്. അന്വേഷണങ്ങളുടെയും ചിന്തകളുടെയും സംസ്കാരം ഉയർത്തിപ്പിടിക്കുന്ന ഒരു ഇസ്‌ലാമിനെ അവർ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ആധുനികതയും ഇസ്‌ലാമും പരസ്പരം റദ്ദു ചെയ്യുന്ന ഒരു സന്ദർഭത്തെയല്ല നവീകരണ ഇസ്‌ലാമിസ്റ്റുകൾ അന്വേഷിക്കുന്നത്. മറിച്ച്, ഇസ്‌ലാമിക കർമശാസ്ത്രത്തിന്റെ തലത്തിൽ നിന്നുതന്നെ തുടങ്ങുന്ന അന്വേഷണങ്ങളെക്കുറിച്ചാണ് അവർ സംസാരിക്കുന്നത്. അതിന്റെ പ്രായോഗിക പരിപാടികൾ അവർ സ്വയം ആവിഷ്കരിക്കുകയും ചെയ്യുന്നു (താരിഖ് റമദാന്റെ *റാഡിക്കൽ റിഫോം* ശ്രദ്ധിക്കുക).

## പുതിയ പൊതുമണ്ഡലവും മുസ്‌ലിം ബൗദ്ധികതയും

എങ്ങനെയാണ് നവീന ഇസ്‌ലാമിക വ്യവഹാരങ്ങൾ ശ്രദ്ധ നേടുന്നത്? തിരശ്ചീന (vertical) ജ്ഞാന കൈമാറ്റത്തിന്റെയും വിതരണത്തിന്റെയും രീതി വിട്ട് സമാന്തര (horizontal) ജ്ഞാന സംസ്കാരത്തിലേക്ക് ഇസ്‌ലാമിക ചിന്തകർ മാറിയതാണ് പുതിയ ഇസ്‌ലാമിക വ്യവഹാരങ്ങളുടെ പ്രത്യേകത. അതായത് ആധുനിക സ്റ്റേറ്റിന്റെ വക്താക്കളായ പണ്ഡിതർ നടത്തുന്ന മദ്റസകൾ ജ്ഞാനത്തിന്റെ മുകളിൽനിന്നും താഴോട്ടുള്ള (vertical) കൈമാറ്റത്തിന്റെ രൂപമാതൃകകൾ സ്വീകരിക്കുമ്പോഴാണ് നവീകരണ ചിന്തകർ ഇന്റർനെറ്റിലൂടെ പുതിയ പൊതു മണ്ഡലത്തിന്റെ സാധ്യതയെ ഉപയോഗപ്പെടുത്തിയത്. ഭരണകൂടത്തിന്റെ അതൃപ്തികൾക്ക് വിധേയരായ റാശിദുൽ ഗനൂശി, അബ്ദുൽ കരീം സൊറൂഷ്, മുഹ്സിൻ കദിവാർ തുടങ്ങിയവർ ഇന്റർനെറ്റടക്കമുള്ള പുതിയ ആശയവിനിമയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇസ്‌ലാമിക ചിന്തയുടെ ജനാധിപത്യത്തെ ഉയർത്തിപ്പിടിക്കുന്നു. അതോടൊപ്പം ആധുനിക വിജ്ഞാനവും മതബോധവുമുള്ള യുവതലമുറ പുതിയ പൊതുമണ്ഡലത്തിന്റെ മുഖ്യ ഉപയോക്താക്കളാവുന്നത് ഇസ്‌ലാമിക ചിന്തയുടെ ജ്ഞാനമണ്ഡല വ്യതിയാന (Paradigm Shift)ത്തെ അടയാളപ്പെടുത്തുന്നു. ഇങ്ങനെ പുതിയ പരിസരം സ്റ്റേറ്റിന്റെ ഇരുമ്പ് മറകളെ ഭേദിക്കുകയും നവീന ചിന്തയുടെ വ്യാപനവും പ്രചാരണവും സാധ്യമാക്കുകയും ചെയ്യുന്നു.

## കംറാവയുടെ പുസ്തകം പറയുന്നത്

പുതിയ നവീകരണ ചിന്തകരിൽനിന്ന് തെരഞ്ഞെടുത്ത പതിമൂന്ന് പേർ ആഗോളീകരണം, ജനാധിപത്യം, വ്യാഖ്യാനം, സ്ത്രീ തുടങ്ങിയ വൈവിധ്യമാർന്ന ജ്ഞാന മേഖലകളെ അഭിസംബോധന ചെയ്യുന്നവരാണ്. ഇസ്‌ലാമിന്റെ സാർവലൗകിക തത്ത്വങ്ങൾ പുതിയ ചരിത്ര സന്ദർഭങ്ങളിലേക്ക് സന്നിവേശിപ്പിക്കുമ്പോൾ പുതിയ രാഷ്ട്രീയ ബഹുസ്വരത ജന്മം കൊള്ളുകയും ഇസ്‌ലാമിന്റെ 'ആധുനികത'യെന്നു വിളിക്കാവുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നു. ഇസ്‌ലാമിനെയല്ല, നമ്മുടെ അവബോധത്തെയും പരമ്പരാഗത ഇടപെടലുകളെയുമാണ് മാറ്റേണ്ടത്.

സമകാലിക ഇസ്‌ലാമിക ചരിത്രത്തിൽ ഇടപെടുന്ന വൈവിധ്യപൂർണവും പരസ്പര വിരുദ്ധവുമായ ഘടകങ്ങളെ വിശകലനം ചെയ്യുകയാണ് മുഹമ്മദ് അർകൂൻ തന്റെ പ്രബന്ധത്തിൽ. തുടർന്ന് താരിഖ് റമദാൻ പാശ്ചാത്യ ഇസ്‌ലാമിക മുന്നേറ്റത്തിന്റെ പശ്ചാത്തലത്തിൽ ശരീഅത്ത്, മസ്‌ലഹ, ഫത്‌വ, ഇജ്തിഹാദ്, തൗഹീദ് എന്നീ ഇസ്‌ലാമിക സംജ്ഞകളെ പുനർനിർവചിക്കുന്നു. ഇസ്‌ലാമും ജനാധിപത്യവും തമ്മിലെ താരതമ്യ സമീപനങ്ങളെ കുറിച്ചെഴുതുകയാണ് ഫത്ഹുല്ല ഗുലൻ. മുഹമ്മദ് ത്വൽബിയും മുഹ്സിൻ കദിവാറും സംസാരിക്കുന്നത് ഖുർആന്റെ ബഹുസ്വര വ്യാഖ്യാനങ്ങളെക്കുറിച്ചാണ്. മുഹമ്മദ് ശറൂറിന്റെ എഴുത്ത് കുറച്ചുകൂടി വ്യക്തിപരമായ തലത്തിലാണ്. The Book and the Quran: A contemporary Reading എന്ന തന്റെ പുസ്തകം ഏറ്റുവാങ്ങിയ വിമർശനങ്ങളെയും താനനുഭവിച്ച പീഡനങ്ങളെയും കുറിച്ചാണ് അദ്ദേഹം എഴുതുന്നത്. നസ്ർ അബൂ സൈദിന്റെ ശ്രമവും

തന്റെ എഴുത്തും കാഴ്ചപ്പാടും മൂലമുണ്ടായ പ്രയാസങ്ങളെക്കുറിച്ചുതന്നെ.

ഫെമിനിസ്റ്റ് ചിന്തകരായ ആമിന വദൂദ്, ഫാത്വിമ മെർനിസി, ലൈലാ അഹ്മദ് എന്നിവരാണ് തുടർന്നെഴുതുന്നത്. പിന്നീട് ചന്ദ്രാ മുസഫർ നീതിയുടെ ഖുർആനിക പാഠങ്ങളെക്കുറിച്ച് പറയുന്നു. ഹസൻ ഹനഫിയും അബ്ദുൽ കരീം സൊറൂശും എഴുതുന്നത് കുറച്ചുകൂടി തത്ത്വചിന്താപരമായ തലത്തിലാണ്. നിയോ മുഅ്തസിലി എന്ന് സ്വയം അവരോധിക്കുന്ന സൊറൂശിന്റെ ഇടപെടൽ ചിന്താപരമായ സാഹസികതയാണ്. ഈ പുസ്തകത്തിന്റെ വായന തീരുമ്പോൾ ആശയ വൈപുല്യത്താൽ സമ്പന്നമായ നവീന ഇസ്‌ലാമിക വ്യവഹാരത്തിന്റെ ഒരു നേർചിത്രം നമുക്ക് ലഭിക്കും. എഴുത്തുകാരുടെ വിശകലനങ്ങളെ പരിചയപ്പെടുത്തുന്നതിനു പകരം, അവരുടെ സന്ദർഭത്തെ/ സൈദ്ധാന്തിക നിലപാടുകളെ രേഖപ്പെടുത്താനാണ് ഇവിടെ ശ്രമിച്ചത്. ■